"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും വിരമിച്ച പോലീസ് കോൺസ്റ്റബിൾ പരേതനായ തങ്കപ്പൻപിള്ളയുടെ മകൻ ശ്രീ.ചന്ദ്രൻ ടി.-യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് കുടുംബ പെൻഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(കൈ) നം.79/2026/HOME തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. ശ്രീ.ചന്ദ്രൻ ടി. ബഹു. കേരള മുഖ്യമന്ത്രിയുടെ നവകേരള സദസ്സിൽ സമർപ്പിച്ച 23.12.2023 തീയതിയിലെ അപേക്ഷ
2. സംസ്ഥാന പോലീസ് മേധാവിയുടെ 18.07.2024 തീയതിയിലെ A6(a)-128209/2024/PHQ നമ്പർ കത്ത്.
3. 03.10.2025-ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ A4-30094/2019/DVACB നം.കത്ത്.
4. 18.12.2025 തീയതിയിലെ P1/171/2024 നമ്പർ സർക്കാർ കത്ത്.
5. ശ്രീ.ചന്ദ്രൻ ടി.-യുടെ 01.01.2026 തീയതിയിലെ അപേക്ഷ

**<u>ഉത്തരവ്</u>**

തന്റെ പരിതാപകരമായ അവസ്ഥ പരിഗണിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും വിരമിച്ച പിതാവിന്റെ കുടുംബ പെൻഷൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് തിരുവനന്തപുരം, പൗഡിക്കോണം.പി.ഒ., മേലുളിയാഴത്തുറ, കുന്നത്തുവിളാകത്തു വീട്ടിൽ, ശ്രീ.ചന്ദ്രൻ.ടി., പരാമർശം (1) പ്രകാരം ബഹു.മുഖ്യമന്ത്രിയുടെ നവകേരള സദസ്സിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും 1980 മാർച്ച് 31-ന് വിരമിച്ച പോലീസ് കോൺസ്റ്റബിൾ കെ.തങ്കപ്പൻപിള്ളയുടെ കുടുംബപെൻഷണറും മകളുമായ കുമാരി.അജിതകുമാരി,എൻ 02/11/2021 തീയതിയിൽ മരണപ്പെട്ടിരുന്നുവെന്നും ശ്രീ.തങ്കപ്പൻപിള്ളയുടെ മകൻ അവിവാഹിതനും അരയ്ക്ക് താഴെ തളർന്ന് കിടക്കുന്നതുമായ ശ്രീ.ചന്ദ്രൻ റ്റി-യെ നേരിൽ കണ്ട് അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ താഴെപ്പറയുന്ന റിപ്പോർട്ട് നൽകിയിട്ടുള്ളതായി പരാമർശം (2) പ്രകാരം സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു.

3. തിരുവനന്തപുരം കോർപ്പറേഷന്റെയും മറ്റു ചില സ്വകാര്യ വ്യക്തികളുടേയും സഹായത്താൽ നിർമ്മിച്ച 600 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന ഒറ്റനില ടെറസ്സ് വീട്ടിലാണ് അപേക്ഷകനായ

ശ്രീ.ചന്ദ്രൻ ടി താമസിക്കുന്നത്. 1983-ൽ ടിയാന്റെ പിതാവ് മരണപ്പെടുകയും, തുടർന്ന് 2019-ൽ മാതാവും, 2021-ൽ ഭിന്നശേഷിക്കാരിയും അവിവാഹിതയുമായ ഏക സഹോദരിയും മരണപ്പെടുകയും ചെയ്തു. 1997-ൽ സംഭവിച്ച വാഹന അപകടത്തെ തുടർന്ന് ടിയാന്റെ അരയ്ക്ക താഴേക്ക് ശോഷിച്ചു പോവുകയും ടിയാൻ കഴിഞ്ഞ ഇരുപത്തിയെട്ടു വർഷങ്ങളായി ശയ്യാവലംബിയായി കഴിഞ്ഞു വരികയുമാണ്. മറ്റൊരാളുടെ സഹായം കൂടാതെ ടിയാന് തന്റെ പ്രാഥമിക കൃത്യങ്ങൾ പോലും നിർവഹിക്കാൻ കഴിയാത്ത അവസ്ഥയിലുമാണ്. ശ്രീ.ചന്ദ്രനെ സഹായിക്കുന്നതിനു വേണ്ടി ഒരു അന്യ സംസ്ഥാന തൊഴിലാളി കൂടി ടി വീട്ടിൽ താമസിച്ചു വരുകയും, ടി തൊഴിലാളിയുടെ മാസവേതനം ഏതാനും ചില നാട്ടുകാരാണ് പിരിവു നടത്തി കൊടുക്കുന്നതെന്നും ടിയാന് എൺപത് ശതമാനത്തോളം വൈകല്യമുള്ളതായി തിരുവനന്തപുരം ജനറൽ ആശുപത്രി മെഡിക്കൽ ബോർഡിൽ നിന്നും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണെന്നും അറിയിച്ചു കൊണ്ട് ശ്രീ. ചന്ദ്രൻ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷയും സാക്ഷ്യപ്പെടുത്തിയ യൂ.ഡി.ഐ.ഡി സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും വിജിലൻസ് ഡയറക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

4. കുടുംബ പെൻഷനുള്ള പ്രത്യേകാനുമതിയ്ക്കായി ശ്രീ. ചന്ദ്രൻ റ്റി. സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും നിലവിലെ ചട്ടപ്രകാരം കുടുംബ പെൻഷൻ അനുവദിക്കാൻ വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ, പരാമർശം (1) ലെ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല എന്ന വിവരം പരാമർശം(4) പ്രകാരം അപേക്ഷകനെ അറിയിക്കുകയുണ്ടായി.

5. തുടർന്ന് ശ്രീ. ചന്ദ്രൻ CMO പോർട്ടൽ മുഖേന പരാമർശം (5) പ്രകാരം അപേക്ഷ നൽകിയിരുന്നു. 57 വയസ്സുള്ള അപേക്ഷകന് സ്വന്തം വീട് വിട്ട് മറ്റൊരു സ്ഥലത്ത് പോയി ജീവിക്കാൻ കഴിയാത്ത വളരെ ദുരിതപൂർണ്ണമായ അവസ്ഥയാണെന്നും, മിക്കവാറും ദിവസങ്ങളിൽ മൂന്നു തവണയിലേറെ ശുചിമുറിയിൽ പോകേണ്ടി വരുന്നതിനാലും കിടക്കയിൽ നിന്നും സ്വന്തമായി എഴുന്നേൽക്കുവാൻ പോലും സാധിക്കാതെ പല അസുഖങ്ങളും ബാധിച്ചു വേദന സഹിച്ചു കൊണ്ട് കിടന്ന് നരകിക്കുകയുമാണെന്ന് അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. മാനുഷിക പരിഗണന നൽകി പ്രതിമാസം 15000 രൂപ കുടുംബ പെൻഷൻ അനുവദിച്ചു തരണമെന്ന് ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

6. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശ പ്രകാരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും 1980 മാർച്ച് 31-നു വിരമിച്ച പോലീസ് കോൺസ്റ്റബിൾ ശ്രീ.തങ്കപ്പൻപിള്ളയുടെ മകൻ, അവിവാഹിതനും അരയ്ക്ക് താഴെ തളർന്ന് കിടക്കുന്നതുമായ ശ്രീ.ചന്ദ്രൻ ടി.-യുടെ പരിതാപകരമായ അവസ്ഥ പരിഗണിച്ച്, ടിയാന്റെ അപേക്ഷ ഒരു പ്രത്യേക കേസായി കണ്ട്, ശ്രീ.ചന്ദ്രൻ.ടി-യ്ക്ക് മരണപ്പെട്ട ശ്രീ.തങ്കപ്പൻ പിള്ളയുടെ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി, ഡയറക്ടർ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എന്നിവർ അടിയന്തര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
ശ്രീ.ചന്ദ്രൻ ടി., കുന്നത്തുവിളാകത്തു വീട്, മേല്പളിയാഴ്ഛറ, പൗഡിക്കോണം പി.ഒ., തിരുവനന്തപുരം
[സംസ്ഥാന പോലീസ് മേധാവി മുഖേന]
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് ), കേരളം, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (08.12.2025 തീയതിയിലെ PEN-A2/43/2025-FIN പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം.നം. 4022, തീയതി 14.03.2026 പ്രകാരം)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (P1/171/2024-HOME)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Manjusha M P
Date: 15-03-2026 14:38:43

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-03-2026

ഫയൽ നം. പി1/171/2024/ആഭ്യന്തരം. ഇനം നം: 4022

വിഷയം : ആഭ്യന്തര വകുപ്പ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും 1980 മാർച്ച് 31-ന് വിരമിച്ച പോലീസ് കോൺസ്റ്റബിൾ തങ്കപ്പൻ പിള്ളയുടെ മകൻ അവിവാഹിതനും അരയ്ക്കുതാഴെ തളർന്ന് കിടക്കുന്നതുമായ ശ്രീ. ചന്ദ്രൻ ടി-യുടെ പരിതാപകരമായ അവസ്ഥ പരിഗണിച്ച് ടിയാന്റെ അപേക്ഷ ഒരു പ്രത്യേക കേസായി കണ്ട്, ടിയാന് കുടുംബപെൻഷൻ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

4022

| കേരള സർക്കാർ<br>(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1 | ഫയൽനമ്പർ | പി1/171/2024/ആഭ്യന്തരം |
| 2 | വകുപ്പ് | ആഭ്യന്തര (പി) വകുപ്പ് |
| 3 | വിഷയം | വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും 1980 മാർച്ച് 31-ന വിരമിച്ച പോലീസ് കോൺസ്റ്റബിൾ തങ്കപ്പൻപിള്ള യുടെ മകൻ അവിവാഹിതനും അരയ്ക്ക് താഴെ തളർന്ന് കിടക്കുന്നതുമായ ശ്രീ.ചന്ദ്രൻ ടി.-യുടെ പരിതാപകരമായ അവസ്ഥ പരിഗണിച്ച് ടിയാന്റെ അപേക്ഷ ഒരു പ്രത്യേക കേസായി കണ്ട് , ടിയാന് കുടുംബ പെൻഷൻ അനുവദിക്കാവുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 13/03/2026 |
| 5 | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ഉണ്ട് |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | സംഗീത ടി എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14.03.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14.03.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും വിരമിച്ച പിതാവിന്റെ കുടുംബ പെൻഷൻ തന്റെ പരിതാപകരമായ അവസ്ഥ പരിഗണിച്ച് അനുവദിയ്ക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ ചന്ദ്രൻ ടി., നവകേരള സദസ്സിൽ സമർപ്പിച്ച അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും 1980 മാർച്ച് 31-ന് വിരമിച്ച പോലീസ് കോൺസ്റ്റബിൾ കെ.തങ്കപ്പൻപിള്ളയുടെ കുടുംബപെൻഷണറും മകളുമായ കുമാരി അജിതകുമാരി എൻ 02/11/2021 തീയതിയിൽ മരണപ്പെട്ടിരുന്നുവെന്നും ശ്രീതങ്കപ്പൻപിള്ളയുടെ മകൻ അവിവാഹിതനും അരയ്ക്ക് താഴെ തളർന്ന് കിടക്കുന്നതുമായ ശ്രീചന്ദ്രൻ റ്റി-യെ നേരിൽ കണ്ട് അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിവരങ്ങൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നുവെന്ന് പോലീസ് മേധാവി അറിയിച്ചിരുന്നു.

3. തിരുവനന്തപുരം കോർപ്പറേഷന്റെയും മറ്റു ചില സ്വകാര്യ വ്യക്തികളുടേയും സഹായത്താൽ നിർമ്മിച്ച 600 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന ഒരു നിലയുള്ള ടെറസ്സ് വീട്ടിലാണ് അപേക്ഷകനായ ശ്രീചന്ദ്രൻ ടി താമസിക്കുന്നത്. 1983-ൽ ടിയാന്റെ പിതാവ് മരണപ്പെടുകയും, തുടർന്ന് 2019-ൽ മാതാവും 2021-ൽ ഭിന്നശേഷിക്കാരിയും അവിവാഹിതയുമായ ഏക സഹോദരിയും മരണപ്പെടുകയും ചെയ്തു. 1997-ൽ സംഭവിച്ച ഒരു വാഹന അപകടത്തെ തുടർന്ന് ടിയാന്റെ അരയ്ക്ക താഴോട്ട് ശോഷിച്ചു പോവുകയും ടിയാൻ കഴിഞ്ഞ ഇരുപത്തിയെട്ട് വർഷങ്ങളായി ശയ്യാവലമ്പിയായി കഴിഞ്ഞു വരികയുമാണ്. മറ്റൊരാളുടെ സഹായം കൂടാതെ ടിയാന് തന്റെ പ്രാഥമിക കൃത്യങ്ങൾ പോലും നിർവഹിക്കാൻ കഴിയാത്ത അവസ്ഥയിലുമാണ്. ശ്രീ.ചന്ദ്രനെ സഹായിക്കുന്നതിനു വേണ്ടി ഒരു അന്യ സംസ്ഥാന തൊഴിലാളി കൂടി ടി വീട്ടിൽ താമസിച്ചു വരുകയും, ടി തൊഴിലാളിയുടെ മാസവേതനം ഏതാനും ചില നാട്ടുകാരാണ് പിരിവു നടത്തി കൊടുക്കുന്നതെന്നും ടിയാന് എൺപത് ശതമാനത്തോളം വൈകല്യമുള്ളതായി തിരുവനന്തപുരം ജനറൽ ആശുപത്രി മെഡിക്കൽ ബോർഡിൽ നിന്നും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണെന്നും വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീചന്ദ്രൻ ബഹു. മുഖ്യമന്ത്രിയ്ക്ക സമർപ്പിച്ച അപേക്ഷയും സാക്ഷ്യപ്പെടുത്തിയ യൂ.ഡി.ഐ.ഡി സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും അനന്തരനടപടികൾക്കായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ

ലഭ്യമാക്കിയിട്ടുണ്ട്. ശ്രീ.ചന്ദ്രന്റെ ദയനീയാവസ്ഥ പരിഗണിച്ച് ടിയാന് കുടുംബ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

4. കുടുംബ പെൻഷനുള്ള പ്രത്യേകാനുമതിയ്ക്കായി ശ്രീ. ചന്ദ്രൻ റ്റി. സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും നിലവിലെ ചട്ടപ്രകാരം കുടുംബ പെൻഷൻ അനുവദിക്കാൻ വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ, അപേക്ഷകന് മറ്റേതെങ്കിലും വിധത്തിൽ സഹായം അനുവദിക്കാവുന്നതാണോ എന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*"KSR Part III Rule 90 sub Rule 7 ന് താഴെയുള്ള proviso അനുസരിച്ച് ഒരു സർക്കാർ ജീവനക്കാരന്റെ മക്കൾക്ക് ശാരീരിക/മാനസിക വൈകല്യമുള്ള പക്ഷം ആണ് കുടുംബ പെൻഷന് അർഹതയുള്ളതെന്നും, ജീവനക്കാരൻ പെൻഷൻ ആയതിന് ശേഷം മക്കൾക്ക് ജീവിതശൈലി/ പ്രായാധിക്യത്താലുണ്ടാകുന്ന രോഗത്താലോ, മറ്റ് അസുഖങ്ങളാലോ, അപകടം മൂലമോ സംഭവിക്കുന്ന വൈകല്യങ്ങളുടെയോ അടിസ്ഥാനത്തിൽ കുടുംബ പെൻഷൻ അനുവദിക്കുവാൻ ചട്ടത്തിൽ വ്യവസ്ഥയില്ല എന്നും, പെൻഷണർ ആയ പിതാവ് മരണപ്പെട്ടതിന് ശേഷം റോഡ് അപകടത്തിൽ പരിക്കേറ്റ് ഭിന്നശേഷിക്കാരനായ മകന് കുടുംബ പെൻഷൻ അനുവദിക്കാൻ കെ.എസ്.ആർ. ഭാഗം III, കുടുംബ പെൻഷൻ ചട്ടങ്ങൾ പ്രകാരം വ്യവസ്ഥയില്ലാത്തതിനാൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി തലത്തിൽ ശ്രീ. ചന്ദ്രന്റെ അപേക്ഷ നിരസിക്കുകയുണ്ടായി.*

കുടുംബ പെൻഷനുള്ള പ്രത്യേകാനുമതിയ്ക്കായി ശ്രീ. ചന്ദ്രൻ റ്റി. സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും നിലവിലെ ചട്ടപ്രകാരം കുടുംബ പെൻഷൻ *അനുവദിക്കാൻ വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ, അപേക്ഷകന് മറ്റേതെങ്കിലും വിധത്തിൽ സഹായം അനുവദിക്കാവുന്നതാണോ എന്നത് സംബന്ധിച്ച് ധനകാര്യ (CMDRF) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു, ധനകാര്യ (CMDRF) വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ ചന്ദ്രന്റെ അപേക്ഷ റവന്യൂ (ഡി.ആർ.എഫ്) വകുപ്പിന് നൽകി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് നൽകാവുന്നതാണോ എന്നതിന്മേൽ അഭിപ്രായം ആരായുകയും, ഗുരുതര രോഗങ്ങൾ ബാധിച്ചവർ, അപകടം മൂലമുണ്ടാകുന്ന ചികിത്സയ്ക്കും അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്കും മാത്രമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നിലവിൽ ധനസഹായം അനുവദിക്കുന്നതെന്നും, ശ്രീ. ചന്ദ്രൻ റ്റി-യുടേത് പോലെ അപകടം മൂലം വൈകല്യം സംഭവിക്കുന്നവർക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്നും ആശ്വാസ ധനസഹായവും അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി സാമൂഹ്യ സുരക്ഷ പെൻഷനായ ഡിസബിലിറ്റി പെൻഷനും നൽകി വരുന്നതായും, ശ്രീ. ചന്ദ്രൻ റ്റി-യ്ക്ക്*

*മറ്റെന്തെങ്കിലും രോഗത്തിനുള്ള ചികിത്സ ധനസഹായം ലഭിക്കുന്നതിന് CMDRF മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണെന്നും അറിയിച്ചിരുന്നു.*

*ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പൂർണ്ണ ചുമതല. മേൽസാഹചര്യത്തിൽ ശ്രീ. ചന്ദ്രന്റെ കേസിൽ എന്ത് ചെയ്യാൻ കഴിയും എന്നതിലും ടിയാളുടെ സംരക്ഷണം, മരുന്ന്, വൈദ്യ സഹായം, പരിചരണം, ഭക്ഷണം, ഏകാന്തത ഒഴിവാക്കൽ തുടങ്ങിയവയിൽ സാമൂഹ്യനീതി വകുപ്പിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ സാമൂഹ്യനീതി ഓഫീസർ/ സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം കൂടി ഭരണ വകുപ്പിനെ അറിയിക്കുന്നു."*

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.ചന്ദ്രന്റെ അപേക്ഷ നിരസിക്കുകയുണ്ടായി. തുടർന്ന് ടിയാൻ CMO പോർട്ടൽ മുഖേന ബഹു. മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷയിൽ, 57 വയസ്സുള്ള തനിക്ക് സ്വന്തം വീട് വിട്ട് മറ്റൊരു സ്ഥലത്ത് പോയി ജീവിക്കാൻ കഴിയാത്ത വളരെ ദുരിതപൂർണ്ണമായ അവസ്ഥയാണെന്നും മിക്കവാറും ദിവസങ്ങളിൽ ഒരു ദിവസം 3 പ്രാവശ്യം ബാത്ത്റൂമിൽ പോകേണ്ടി വരുന്നതിനാലും കിടക്കയിൽ നിന്നും സ്വന്തമായി ഒന്ന് എഴുന്നേൽക്കാൻ പോലും സാധിക്കാതെ പല പല അസുഖങ്ങളും ബാധിച്ച് വേദന സഹിച്ച് കിടന്ന് നരകിക്കുകയും ചെയ്യുന്ന തനിക്ക് മാനുഷിക പരിഗണന നൽകി പ്രതിമാസം 15000 രൂപ മാത്രം കിട്ടുന്ന കുടുംബ പെൻഷൻ അനുവദിച്ച് തരണമെന്നും ടിയാൻ വീണ്ടും അപേക്ഷിച്ചു.

6. മേൽ സാഹചര്യത്തിൽ ശ്രീ. ചന്ദ്രൻ ടി.-യുടെ പരിതാപകരമായ അവസ്ഥ പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങൾക്ക് ഇളവ് നൽകി ടി അപേക്ഷ ഒരു പ്രത്യേക കേസായി കണ്ട് ടിയാന് കുടുംബ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ, ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ പ്രകാരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും 1980 മാർച്ച് 31-ന് വിരമിച്ച പോലീസ് കോൺസ്റ്റബിൾ ശ്രീ.തങ്കപ്പൻപിള്ളയുടെ മകൻ അവിവാഹിതനും അരയ്ക്ക് താഴെ തളർന്ന് കിടക്കുന്നതുമായ ശ്രീ.ചന്ദ്രൻ ടി.-യുടെ പരിതാപകരമായ അവസ്ഥ പരിഗണിച്ച് ടിയാന്റെ അപേക്ഷ ഒരു പ്രത്യേക കേസായി കണ്ട് , ടിയാന് മരണപ്പെട്ട തങ്കപ്പൻ പിള്ളയുടെ കുടുംബ പെൻഷൻ അനുവദിക്കാവുന്നതാണോ?

| GOVERNMENT OF KERALA<br>(SHRI.PINARAYI VIJAYAN MINISTRY)<br>NOTE FOR COUNCIL OF MINISTERS | | |
|---|---|---|
| 1 | File Number | P1/171/2024-Home |
| 2 | Department | Home (P) Department |
| 3 | Subject | Sanctioning of family pension to Sri.Chandran T, the unmarried son of Police Constable late Thankappan Pillai, retired from the V&ACB on 31 March 1980 who is bedridden with paralysis below the waist, as a special case-reg |
| 4 | Date of Chief Minister's order for placing before the Council | 13/03/2026 |
| 5 | (i) Does the case involve financial commitments/implications | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6 | Are any other Departments concerned withthe case and if so, have they been consulted and their remarks incorporated in the Note for the Council | No |
| 7 | Name of Joint Secretary who submitted the Draft Note | Smt. Sangeetha T.S |
| 8 | Name of Additional Chief Secretary who approved the Draft Note | Bishwanath Sinha |
| 9 | Date of Approval of the Draft Note for the Council by the Additional Chief Secretary | 14/3/26 |
| 10 | Name of Chief Secretary who approved the Draft Note | Dr.A.Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | |
| 12 | Name of Minister who approved the Draft Note | Pinarayi Vijayan |
| 13 | Date of approval of the Draft Note for the Council by the Minister | |
| 14 | Date of submission of fair copies | |
| 15 | Date of decision by the Council of Ministers | |
| 16 | Number and Date of the G.O./ letter communicating the decision. | |

# Draft note for the Council of Ministers

This note relates to the petition submitted by Shri T. Chandran during the Navakerala Sadas, requesting that family pension of his deceased father, a retired employee of the Vigilance and Anti-Corruption Bureau, be sanctioned to him considering his extremely distressing circumstances.

✓ Page 3 CF

2. The State Police Chief had informed that the Director, Vigilance & Anti-Corruption Bureau, after conducting a personal enquiry, reported the following facts regarding Shri.T.Chandran, son of late Police Constable K. Thankappan Pillai, who retired from the Vigilance & Anti-Corruption Bureau on 31st March 1980. It is reported that the family pensioner and daughter of late Thankappan Pillai, Kumari N. Ajithakumari, passed away on 02.11.2021 and Shri.T.Chandran, the son of Thankappan Pillai, is unmarried and paralysed below the waist.

✓ Page 1st CF

3. As reported by the Director, Vigilance & Anti-Corruption Bureau, Shri.Chandran resides in a 600 sq. ft. single-storey terraced house, constructed with the assistance of the Thiruvananthapuram Corporation and certain private individuals. His father passed away in 1983, followed by the death of his mother in 2019, and his only sister, who was also unmarried and a person with disability passed away in 2021. In 1997, Shri. Chandran met with a road accident which resulted in paralysis below the waist, and he has been bedridden for the past 28 years. He is unable to carry out even his basic daily activities without the assistance of another person. An inter-state migrant worker currently resides in the

house to assist him, and the monthly wages of the worker are being met through contributions collected by local residents. It has also been certified by the Medical Board of the Thiruvananthapuram General Hospital that Shri.Chandran has approximately 80% disability. The Director, Vigilance & Anti-Corruption Bureau has also forwarded his petition submitted to the Hon'ble Chief Minister along with the UDID certificate and other supporting documents for further action. Considering his extremely pathetic condition, the Director has recommended that appropriate action may be taken to grant him family pension.

4. The request submitted by Shri T. Chandran seeking special sanction for family pension was examined. As there is no provision under the existing rules to sanction family pension in such circumstances, the opinion of the Finance Department was sought as to whether any other form of assistance could be extended to the applicant. The Finance Department opined as follows:

*"KSR Part III Rule 90 sub Rule 7 ന് താഴെയുള്ള proviso അനുസരിച്ച് ഒരു സർക്കാർ ജീവനക്കാരന്റെ മക്കൾക്ക് ശാരീരിക/മാനസിക വൈകല്യമുള്ള പക്ഷം ആണ് കുടുംബ പെൻഷന് അർഹതയുള്ളതെന്നും, ജീവനക്കാരൻ പെൻഷൻ ആയതിന് ശേഷം മക്കൾക്ക് ജീവിതശൈലി/ പ്രായാധിക്യത്താലുണ്ടാകുന്ന രോഗത്താലോ, മറ്റ് അസുഖങ്ങളാലോ, അപകടം മൂലമോ സംഭവിക്കുന്ന വൈകല്യങ്ങളുടെയോ അടിസ്ഥാനത്തിൽ കുടുംബ പെൻഷൻ അനുവദിക്കുവാൻ ചട്ടത്തിൽ വ്യവസ്ഥയില്ല എന്നും, പെൻഷണർ ആയ പിതാവ് മരണപ്പെട്ടതിന് ശേഷം റോഡ് അപകടത്തിൽ പരിക്കേറ്റ് ഭിന്നശേഷിക്കാരനായ മകന് കുടുംബ പെൻഷൻ അനുവദിക്കാൻ കെ.എസ്.ആർ. ഭാഗം III, കുടുംബ പെൻഷൻ ചട്ടങ്ങൾ പ്രകാരം വ്യവസ്ഥയില്ലാത്തതിനാൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി തലത്തിൽ ശ്രീ. ചന്ദ്രന്റെ അപേക്ഷ നിരസിക്കുകയുണ്ടായി.*

*കുടുംബ പെൻഷനുള്ള പ്രത്യേകാനുമതിയ്ക്കായി ശ്രീ. ചന്ദ്രൻ റ്റി. സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും നിലവിലെ ചട്ടപ്രകാരം കുടുംബ പെൻഷൻ അനുവദിക്കാൻ വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ, അപേക്ഷകന് മറ്റേതെങ്കിലും വിധത്തിൽ സഹായം അനുവദിക്കാവുന്നതാണോ എന്നത് സംബന്ധിച്ച് ധനകാര്യ*

(CMDRF) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നതും, ധനകാര്യ (CMDRF) വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ ചന്ദ്രന്റെ അപേക്ഷ റവന്യൂ (ഡി.ആർ.എഫ്) വകുപ്പിന് നൽകി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് നൽകാവുന്നതാണോ എന്നതിന്മേൽ അഭിപ്രായം ആരായുകയും, ഗുരുതര രോഗങ്ങൾ ബാധിച്ചവർ, അപകടം മൂലമുണ്ടാകുന്ന ചികിത്സയ്ക്കും അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്കും മാത്രമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നിലവിൽ ധനസഹായം അനുവദിക്കുന്നതെന്നും, ശ്രീ. ചന്ദ്രൻ റ്റി-യുടേത് പോലെ അപകടം മൂലം വൈകല്യം സംഭവിക്കുന്നവർക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്നും ആശ്വാസ ധനസഹായവും അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി സാമൂഹ്യ സുരക്ഷ പെൻഷനായ ഡിസബിലിറ്റി പെൻഷനും നൽകി വരുന്നതായും, ശ്രീ. ചന്ദ്രൻ റ്റി-യ്ക്ക് മറ്റെന്തെങ്കിലും രോഗത്തിനുള്ള ചികിത്സ ധനസഹായം ലഭിക്കുന്നതിന് CMDRF മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണെന്നും അറിയിച്ചിരുന്നു.

ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പൂർണ്ണ ചുമതല. മേൽസാഹചര്യത്തിൽ ശ്രീ ചന്ദ്രന്റെ കേസിൽ എന്ത് ചെയ്യാൻ കഴിയും എന്നതിലും ടിയാളുടെ സംരക്ഷണം, മരുന്ന്, വൈദ്യ സഹായം, പരിചരണം, ഭക്ഷണം, ഏകാന്തത ഒഴിവാക്കൽ തുടങ്ങിയവയിൽ സാമൂഹ്യനീതി വകുപ്പിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ സാമൂഹ്യനീതി ഓഫീസർ/ സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം കൂടി ഭരണ വകുപ്പിനെ അറിയിക്കുന്നു."

5. Based on the opinion of the Finance Department, the application of Shri Chandran was rejected. Subsequently, Shri Chandran submitted another petition to the Hon'ble Chief Minister through the CMO Portal, stating that he is 57 years old and is living in extremely difficult circumstances. He stated that he cannot leave his house and relocate elsewhere for livelihood. As he needs to use the washroom multiple times a day and is unable to even get up from bed on his own, he continues to suffer severe pain due to various ailments while remaining bedridden. Considering his extremely distressing condition, he requested humanitarian

✓ Page 91 CF

Page 93 CF

consideration and prayed that he may be granted the family pension of ₹15,000 per month.

6. In the above circumstances, the file was submitted to the Hon'ble Chief Minister for taking orders on whether, considering the extremely pitiable condition of Shri T. Chandran, relaxation of the existing rules may be granted and the request may be treated as a special case for sanctioning family pension. The Hon'ble Chief Minister has ordered that the matter be placed before the Council of Ministers for consideration.

Note #49

**Point for Decision**

In view of the extremely distressing condition of Shri T. Chandran, who is unmarried and paralysed below the waist, and considering the recommendation of the State Police Chief, whether family pension of the deceased Police Constable late K.Thankappan Pillai, who retired from the Vigilance & Anti-Corruption Bureau on 31 March 1980, may be sanctioned to his son, Shri.T.Chandran, as a special case, by relaxing the existing rules.

14/03/26

14/3/26

14/3/2026

14/3/26

14/3/26